**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വഞ്ചിയൂർ പി ഒ, തിരുവനന്തപുരം പിൻ – 695035**

**ഫോൺ. 0471-2302490, 2303025**

**ഇ മെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ് : www.dhs.kerala.gov.in**

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം.**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ ജോഫിൻ കെ ജോണി, ജൂനിയർ കൺസൾട്ടന്റ് - അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. കാരണം കാണിക്കൽ നോട്ടീസ് നമ്പർ ഇഎ4-7303/2021/ആവഡ തീയതി. 10.03.2021

2. എ1- 708/2021/ജിമെഒ എറണാകുളം തീയതി. 21.01.2021

**ഉത്തരവ് നം. DHS/7790/2025-EA4 തീയതി.02-06-2025**

എറണാകുളം കരുവേലിപ്പടി ഗവ. മഹാരാജാസ് താലൂക്ക് ആശുപത്രിയിൽ സേവനത്തിലിരിക്കവെ പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്ന ഡോ ജോഫിൻ കെ ജോണി യുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ലെന്ന് വിലയിരുത്തുകയും 1958 ലെ കേരള സബോർഡിനേറ്റ് സർവീസസ് റൂൾസ് ഭാഗം II ചട്ടം 19 (a) (ii) പ്രകാരം പ്രൊബേഷൻ അവസാനിപ്പിക്കുന്നതിന് താത്കാലികമായി തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് ടിയാളുടെ മേൽവിലാസത്തിലേയ്ക്ക് അയക്കുകയും ചെയ്തുവെങ്കിലും അക്നോളജ്മെന്റ് കാർഡ് തിരികെ ലഭ്യമാകുകയോ മറുപടി ലഭ്യമാകുകയോ ചെയ്തിട്ടില്ല. ടി സാഹചര്യത്തിൽ ഡോ ജോഫിൻ കെ ജോണിന്റെ

പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപായി പരാമർശം (1) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് ടിയാളുടെ അറിവിലേയ്ക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസുമായി ബന്ധപ്പെട്ട് ഡോ ജോഫിൻ കെ ജോണി, ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി) ന് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ 12/6/2025-നകം ആരോഗ്യ വകുപ്പ് ഡയറക്ടറെ രേഖാമൂലം ബോധിപ്പിക്കാവുന്നതാണ്. അല്ലാത്ത പക്ഷം ഇനിയൊരറിയിപ്പ് കൂടാതെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Signed by
Reena K J
Date: 02-06-2025 21:27:12

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

ഡോ ജോഫിൻ കെ ജോണി,

**Green Vista Flat, OPP Don Bosco Church, Edachira,**

**Kakkanad- 682030** (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ് മുഖാന്തരം)

പകർപ്പ്,

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
2. ഫയൽ